**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഒ ഡി എഫ് പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിന് പഞ്ചായത്ത് അധികമായി വകയിരുത്തിയ തുക ജലനിധി ബി ജി ഫെഡറേഷന് നേരിട്ട് കൈമാറുന്നതിന് പഞ്ചായത്തിന് അനുമതി നൽകി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 981/2017/തസ്വഭവ　　　　തിരുവനന്തപുരം, തീയതി 30.03.2017

---

പരാമർശം :- 1. പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.02.2017 ലെ അപേക്ഷ
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.03.2017 ലെ 1616/A/2017/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ജലനിധി പദ്ധതി നിലവിൽ ഉണ്ടായിരുന്നതിനാൽ ഒ ഡി എഫ് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണത്തിന് സബ്സിഡി തുകയായി യൂണിറ്റ് ഒന്നിന് 15,400/- രൂപ ജലനിധിയാണ് അനുവദിച്ചത് എന്നും, പഞ്ചായത്തിലെ 557 എസ് റ്റി ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്നതിന് 85,77,800/- രൂപ, ( എൺപത്തിഅഞ്ചു ലക്ഷത്തി എഴുപത്തിഏഴായിരത്തി എണ്ണൂറ് രൂപ മാത്രം ) ജലനിധി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ബി ജി ( Beneficiary Group) ഫെഡറേഷന് കൈമാറിയെന്നും, ബി ജി ഫഡറേഷൻ പഞ്ചായത്ത് അംഗീകരിച്ച ഏജൻസികൾ മുഖേന ശുചിമുറികൾ നിർമ്മിച്ചു നൽകിയെന്നും സബ്സിഡിയായി ജലനിധി അനുവദിച്ച തുകയ്ക്ക് പുറമെ വാല്യൂവേഷൻ എടുത്ത് അധികമായി വരുന്ന തുക ഗ്രാമ പഞ്ചായത്ത് വകയിരുത്തി നൽകാമെന്ന് ഭരണ സമിതി തീരുമാനിച്ചിരുന്നു വെന്നും, ഇതനുസരിച്ച് പഞ്ചായത്ത് ടെക്നിക്കൽ കമ്മിറ്റി നൽകിയ വാല്യൂ വേഷന്റെ അടിസ്ഥാനത്തിൽ 44,51,200/- ( നാല്പത്തിനാലുലക്ഷത്തി അൻപത്തിഒന്നായിരത്തി ഇരുന്നൂറു രൂപമാത്രം ) രൂപ അധികമായി 557 ശുചിമുറികൾക്ക് ചെലവായിട്ടുണ്ട് എന്നും ഈ തുക പഞ്ചായത്ത് ഫണ്ടിൽ നിലവിൽ വകയിരുത്തിയിട്ടുണ്ട് എന്നും പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്

2. ശുചിത്വ ഫണ്ടായി പഞ്ചായത്ത് വകയിരുത്തിയ തുക നിലവിലെ പഞ്ചായത്ത് മാർഗ്ഗ നിർദേശമനുസരിച്ച് വി ഇ ഒ വഴി നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്യേണ്ടത് എന്നും ,ഇങ്ങനെ കൈമാറുമ്പോൾ ചില ഗുണഭോക്താക്കൾ എങ്കിലും പ്രസ്തുത തുക ബി ജി ഫഡറേഷൻ മുഖേന കക്കൂസ് നിർമ്മിച്ച

നൽകിയ ഏജൻസികൾക്ക് നല്കാതിരിക്കാനുള്ള സാധ്യത ഉണ്ടെന്നും, ഇതിന് ഒരു പരിഹാരമായി കക്കൂസ് നിർമ്മാണത്തിൽ അധികമായി പഞ്ചായത്ത് വകയിരുത്തിയ തുക വി ഇ ഒ മാർ വഴി ഗുണഭോക്താവിന് നൽകുന്നത് ഒഴിവാക്കി ബി ജി ഫെഡറേഷന് തുക നേരിട്ട് കൈമാറുന്നതിന് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 1 പ്രകാരം പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിട്ടുണ്ട്. പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ അനുവദിക്കാവുന്നതാണ് എന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ ഒ ഡി എഫ് പദ്ധതി പ്രകാരം കക്കൂസ് നിർമ്മാണത്തിന് പഞ്ചായത്ത് അധികമായി വക്യിരുത്തിയ തുക വി ഇ ഒ മാർ വഴി ഗുണഭോക്താവിന് നൽകുന്നത് ഒഴിവാക്കി ജലനിധി ബി ജി ഫെഡറേഷന് നേരിട്ട് കൈമാറുന്നതിന് പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിലൊഴികെ മറ്റു സാഹചര്യങ്ങളിൽ ശുചിത്വ ഫണ്ടുകൾ വി ഇ ഒ വഴി നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറണമെന്ന പഞ്ചായത്ത് മാർഗ്ഗ രേഖ നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

റ്റി.കെ ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ